പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

12.6.2018 -ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2557

## വിനോദസഞ്ചാര മേഖലയിൽ ഉണ്ടായ മാറ്റങ്ങൾ

| ചോദ്യം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | വിനോദസഞ്ചാര നയം നടപ്പിലാക്കിയതോടെ സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ ഉണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | എ) | ടൂറിസം മുഖേനയുള്ള വരുമാനവും തൊഴിലും, വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനും ഉതകുന്ന തരത്തിൽ അടിസ്ഥാന സൗകര്യ വികസനം, പ്രചരണം, ടൂറിസം മേഖലയിലെ സുസ്ഥിരവും സമഗ്രവുമായ പരിഷ്കരണം എന്നിവ ലക്ഷ്യമിടുന്നതാണ് പുതിയ ടൂറിസം നയം. ടൂറിസം വികസനത്തിന്റെ ഗുണഫലം സാധാരണക്കാർക്കു കൂടി ലഭ്യമാക്കുന്നതിനായുള്ള ഇടപെടൽ ടൂറിസം നയത്തിന്റെ കാതലാണ്. ഇതിനായി താഴെ പറയുന്ന ലക്ഷ്യങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.<br>• ടൂറിസ്റ്റുകളുടെ പ്രത്യേകത മനസ്സിലാക്കി കേരളത്തിന്റെ സാംസ്കാരികമായ സവിശേഷതകളെ സംരക്ഷിച്ചുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കുക.<br>• കേരളത്തിന്റെ പുറംലോകം അറിയാത്ത തനിമകളെ പുത്തൻ ഉത്പന്നങ്ങളായി അവതരിപ്പിക്കുക.<br>• ആരോഗ്യ രംഗം, ഇക്കോടൂറിസം തുടങ്ങി കലയും സംസ്കാരവും ഇഴചേർന്ന പൈതൃക ടൂറിസവും വികസിപ്പിക്കൽ<br>• വിനോദസഞ്ചാരികളെ ലക്ഷ്യമിട്ട് പാരമ്പര്യ ചികിത്സാകേന്ദ്രങ്ങളുടെ നിലവാരം ഉറപ്പിക്കുക<br>• ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ<br>• ഉത്തരവാദിത്ത ടൂറിസം<br>• സുരക്ഷിതവും സുസ്ഥിരവുമായ ടൂറിസം വികസനത്തിന് കർമ്മ പരിപാടി ആസൂത്രണം ചെയ്യുക. |

| | | | |
|---|---|---|---|
| | | | • ജനകീയ പങ്കാളിത്തത്തോടെ വിനോദസഞ്ചാര വ്യവസായത്തെ പ്രാദേശിക സമ്പദ്ഘടനയുടെ നട്ടെല്ലാക്കുക. അതുവഴി പ്രവാസികളടക്കമുള്ള സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ടൂറിസം മേഖലയിൽ മുതൽമുടക്കുന്നതിൽ പ്രോത്സാഹനം നൽകൽ<br>• പുതിയ ടൂറിസം ഉത്പന്നങ്ങൾ അവതരിപ്പിക്കുക<br>• കിഫ്ബിയുടെ സാധ്യത ടൂറിസം അടിസ്ഥാന സൗകര്യ വികസനത്തിനായി പരമാവധി പ്രയോജനപ്പെടുത്തൽ<br>• കേരള ടൂറിസം സംരംഭകത്വ ഫണ്ട്<br>• തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം<br>• കേരള ടൂറിസത്തിന് ബ്രാൻഡ് അംബാസഡർ<br>• മാനവശേഷി വികസനവും ടൂറിസം സാക്ഷരതയും പാഠ്യ പദ്ധതിയുടെ ഭാഗമാക്കൽ<br>• കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി എന്ന പുത്തൻ ആശയം നടപ്പാക്കൽ<br>• ഓരോ ടൂറിസം കേന്ദ്രങ്ങളിലും പ്രത്യേക കർമ്മസേന രൂപീകരിക്കൽ<br>• ടൂറിസം വകുപ്പിൽ കാലോചിതമായ പരിഷ്കാരം<br>• ഹരിത പെരുമാറ്റച്ചട്ടം മുഖാന്തിരം മാലിന്യ നിർമ്മാർജ്ജനം നിയന്ത്രിക്കുക<br>• പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ടൂറിസം മേഖലയിൽ 2017-2022 കാലയളവിൽ 4 ലക്ഷം പുതിയ തൊഴിലവസരം സൃഷ്ടിക്കൽ എന്നിവയാണ് നയ സർക്കാരിന്റെ പുതിയ വിനോദസഞ്ചാരത്തിന്റെ കാതൽ.<br><br>നയത്തിൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങളിൻമേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | ബി) | കേരളത്തിലെ വിനോദസഞ്ചാര മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഗ്രീൻകാർപ്പറ്റ് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2016 മുതൽ ആരംഭിച്ചിട്ടുള്ള ഈ പദ്ധതിയിൽ നിലവിൽ തെരഞ്ഞെടുക്കപ്പെട്ട 78 ടൂറിസം കേന്ദ്രങ്ങളാണ് |

| | | | |
|---|---|---|---|
| | | | ഉൾപ്പെട്ടിട്ടുള്ളത്. ടി കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം, പരിസര ശുചിത്വം, പൊതു സൗകര്യങ്ങൾ, മെച്ചപ്പെട്ട സേവന ലഭ്യത എന്നിവ ഉറപ്പുവരുത്തുവാൻ ബഹുജന പങ്കാളിത്ത സ്വഭാവത്തോടെ നടപ്പിലാക്കുന്ന ഒരു കർമ്മ പദ്ധതിയാണിത്. ടി പദ്ധതി നടത്തിപ്പിനായി പത്തിന കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഡെസ്റ്റിനേഷനുകളിലും, ഡെസ്റ്റിനേഷൻ മാനേജർമാരെ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഗ്രീൻ കാർപ്പറ്റിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്ക് വേണ്ട സംഗതികൾ സമയബന്ധിതമായി തീർത്ത് ടൂറിസ്റ്റുകൾക്കുള്ള ബുദ്ധിമുട്ടും, പരാതിയും പരമാവധി ഒഴിവാക്കുകയാണ് ചുമതലപ്പെട്ടവർ നിർവ്വഹിച്ചു വരുന്നത്. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ടൂറിസം വകുപ്പ് 335 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി) | വിനോദസഞ്ചാര നയം നടപ്പിലാക്കിയത് മൂലം തൊഴിലവസരങ്ങൾ കൂടുതലായി ഒരുക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | സി) | ടൂറിസം മേഖലയിൽ പ്രത്യക്ഷമായും പരോക്ഷമായും ഒരു ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുക എന്നത് ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ ലക്ഷ്യങ്ങളിൽ ഒന്നാണ്. ഇതിന്റെ ഭാഗമായി 5 വർഷം കൊണ്ട് 1,00,000 പേർക്ക് കൃഷി, ഉല്പാദനം, വിപണനം, പരമ്പരാഗത ഉല്പന്നങ്ങളുടെ ടൂറിസം മേഖലയിലെ വിപണനം, കരകൗശല വസ്തുക്കളുടെ ഉത്പാദനം, വിപണനം, സുവനീർ ഉത്പാദന വിപണനം, ആക്സസിബിൾ ടൂറിസം പാക്കേജുകളുടെ രൂപീകരണ വിപണനം, ടൂറിസം റിസോഴ്സ് മാപ്പിംഗ്, ടൂറിസം റിസോഴ്സ് ഡയറക്ടറിയുടെ പ്രസിദ്ധീകരണം, കൾച്ചറൽ പാക്കേജുകൾ, വേസ്റ്റ് മാനേജ്മെന്റിനായി ടൂറിസം കേന്ദ്രങ്ങളിലെ നിർമ്മാണവും ഇതര സ്ഥിര സംവിധാനങ്ങളുടെ മേൽനോട്ടവും, ഉല്പന്നവിപണന സംവിധാനത്തിനായി ഉത്തരവാദിത്ത ടൂറിസം നെറ്റ് വർക്ക്, കൾച്ചറൽ ഫോറം, ടൂറിസം മേഖലകളിലെ തൊഴിൽ ലഭ്യമാക്കുന്നതിനായി ആർ.ടി. ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി ഇതിനായുള്ള മൊബൈൽ ആപ്പുകൾ, ഓൺ ലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ തൊഴിൽ ലഭ്യമാക്കും. ഇതിനായുള്ള വിവിധ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| ഡി) | അതിഥികൾക്ക് സംസ്ഥാനത്ത് നിർഭയം സഞ്ചരിക്കുന്നതിന് ആധുനിക സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ? | ഡി) | വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. കോവളം ടൂറിസം മേഖലയിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടിയായിട്ടുണ്ട്. കോവളത്ത് പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ബീച്ചുകളിലും, ഇടവഴികൾ, നടപ്പാതകൾ, റോഡുൾപ്പെടെയുള്ള പ്രദേശങ്ങളെയാണ് സിസിടിവി ക്യാമറകളുടെ നിരീക്ഷണത്തിലാക്കുന്നത്. 34 ഇടങ്ങളിലായി 50 നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ഈ പദ്ധതിക്ക് 49,19,500/- രൂപയുടെ (നാൽപത്തി ഒൻപത് ലക്ഷത്തി പത്തൊൻപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുമതി വകുപ്പ് നൽകിയിട്ടുണ്ട്. കൂടാതെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള കാര്യം അതാത് പഞ്ചായത്തുകൾ/കോർപ്പറേഷനുകൾ/പോലീസ് വകുപ്പ്/വനം വകുപ്പ് അധികാരികളുമായി ചേർന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 10.5.2018-ൽ ചേർന്ന അടിയന്തിര യോഗത്തിൽ കൈക്കൊണ്ട തീരുമാനമനുസരിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതാണ്. 18.5.2018-ലെ പോലീസ് മേധാവി നല്കിയ സർക്കുലറിൽ ടി വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. പോലീസ് വകുപ്പ് മറ്റ് ഇതര വകുപ്പുകളുമായി ചേർന്ന് അവരുടെ നിർദ്ദേശങ്ങൾ കൂടി സ്വീകരിച്ച് ഇവ നടപ്പിലാക്കുന്ന കാര്യങ്ങൾ പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**